(ഇ) ഈ രീതി നിയന്ത്രിക്കാൻ വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) മതിയായ ഫണ്ടുണ്ടെങ്കിൽ, വകുപ്പു സെക്രട്ടറിമാർക്ക് അതാതു വകുപ്പുമായി മാത്രം ബന്ധപ്പെട്ട പ്രത്യേക വിഷയങ്ങളിലേക്കുള്ള ട്രെയിനിംഗിനും, സാദ്ധ്യതാ കോഴ്സുകൾക്കും കാലാകാലങ്ങളിൽ നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകളിലെ നിബന്ധനകൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി ജീവനക്കാരെ അയയ്ക്കാവുന്നതാണ്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) വിവിധ സ്ഥാപനങ്ങൾ വ്യത്യസ്ത ട്രെയിനിംഗ് നടത്തുന്നതിനാൽ ഒരാളെ ഒന്നിൽ കൂടുതൽ തവണ അയാളുടെ സർവീസ് കാലയളവിനുള്ളിൽ ട്രെയിനിംഗിനായി അയയ്ക്കേണ്ടി വരും.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

7 (10) സംസ്ഥാനത്തിന് പുറത്ത് ട്രെയിനിംഗിന് നിയോഗിക്കുന്ന കാര്യത്തിൽ സാമ്പത്തിക നിയന്ത്രണം

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരെ സംസ്ഥാനത്തിന് പുറത്ത് ട്രെയിനിംഗിന് നിയോഗിക്കുന്ന കാര്യത്തിൽ ഇപ്പോൾ സാമ്പത്തികനിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസക്തമായ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇത്തരത്തിലുള്ള സാമ്പത്തിക നിയന്ത്രണ ഉത്തരവ് നിലനിൽക്കെത്തന്നെ ജീവനക്കാരെ ആരെയെങ്കിലും സംസ്ഥാനത്തിന് പുറത്ത് ട്രെയിനിംഗിനയച്ചിട്ടുണ്ടെങ്കിൽ എത്ര ജീവനക്കാരെ എവിടെയെല്ലാം എന്തെല്ലാം കോഴ്സുകൾക്കാണ് അയച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സാമ്പത്തികനിയന്ത്രണം നിലനിൽക്കെ അതിന് വിരുദ്ധമായ ജീവനക്കാരെ ട്രെയിനിംഗിന് അയയ്ക്കാനുണ്ടായ സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) ജീവനക്കാരെ സംസ്ഥാനത്തിന് പുറത്തയച്ച് പരിശീലിപ്പിക്കുന്ന കാര്യത്തിൽ സാമ്പത്തിക നിയന്ത്രണം നിലനിൽക്കെ ഉദ്യോഗസ്ഥഭരണ പരിഷ്ക്കാര വകുപ്പിന്റെ ജി.ഒ. (പി) 38/98/പി. ആന്റ് എ. ആർ.ഡി.എന്ന ഉത്തരവ് പ്രകാരം ജീവനക്കാരെ സംസ്ഥാനത്തിന് പുറത്ത് പോകുന്നതിന്/ട്രെയിനിംഗിന് പോകുന്നതിന് തടസ്സമില്ല എന്ന് ആരോഗ്യവകുപ്പുകളിലെ ഫയലുകളിൽ ഉപദേശം നൽകിയിട്ടുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സർക്കാരിന്റെ സാമ്പത്തികനിയന്ത്രണ ഉത്തരവിന് എതിരായി ഇത്തരത്തിൽ ഉപദേശം നൽകിയ ഉദ്യോഗസ്ഥർ ആരൊക്കെയാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 6.1.99-ലെ സ.ഉ. (പി) നം : 80/99/ധന. പ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.*

(ബി,സി) വിവിധ വകുപ്പുകളിൽ നിന്ന് വിവരം ശേഖരിച്ച് വരുന്നു.

(ഡി.ഇ) ഉത്തരം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

8 (11) ഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽ സെക്രട്ടേറിയറ്റിലെ സെക്ഷൻ ഓഫീസർമാരുടെ പരിശീലനം

ശ്രീ. വി.ജെ.പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ആന്റ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിൽ 2000 ജൂലൈ 10 മുതൽ 14 വരെയുള്ള പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ സെക്രട്ടേറിയറ്റിലെ സെക്ഷൻ ഓഫീസർമാരിൽ നിന്നും ആരൊക്കെ അപേക്ഷകൾ സമർപ്പിച്ചിരുന്നെന്നും അവരിൽ നിന്നും ആരൊക്കെയാണ് പരിശീലനത്തിനായി തെരഞ്ഞെടുത്തതെന്നും വ്യക്തമാക്കാമോ;

(ബി) ഇവരെ ട്രെയിനിംഗിന് നിയോഗിച്ചു കൊണ്ട് 23.6.2000-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ശുപാർശ ചെയ്തതിനെ തുടർന്ന് ഈ ഉത്തരവ് റദ്ദാക്കിയതിനുള്ള സാഹചര്യം എന്തായിരുന്നെന്നും ആരുടെ ശുപാർശ പ്രകാരമാണ് അത്തരമൊരു തീരുമാനമെടുത്തതെന്നും വിശദീകരിക്കുമോ;

(ഡി) ഈ തീരുമാനത്തിനു ഉപോൽബലകമായിട്ടുള്ള സർക്കാർ ഉത്തരവുകൾ ഏതെങ്കിലും ഉണ്ടെങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രീ. എൻ. മോഹനനാഥ ബാബു, ബി. പ്രകാശ്. പി.എസ്. നടരാജപിള്ള, ടി.മോഹൻ, എ.വിക്രമൻനായർ, കെ.വി.പത്മകുമാർ എന്നീ സെക്ഷൻ ഓഫീസർമാർ അപേക്ഷകൾ സമർപ്പിച്ചിരുന്നു. അവരിൽ നിന്നും ശ്രീ. എ. വിക്രമൻ നായർ, കെ.വി. പത്മകുമാർ, പി.എസ്.നടരാജപിള്ള എന്നിവരെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ആന്റ് മാനേജ്മെന്റ് ട്രെയിനിംഗിനായി തെരഞ്ഞെടുത്തു.

---

* അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly

4.	ബെൻസ്	1	26,87,726/- രൂപ
5.	ഫോർഡ്	4	33,00,000/- രൂപ
6.	പ്യൂകെ	1	6,86,012/- രൂപ
7.	ഓപ്പൽ ആസ്ട്ര	1	7,99,670/- രൂപ
	ആകെ	1,87,45,,048/- രൂപ	

അനുബന്ധം - IX

18.12.2000-ലെ നക്ഷത്രചിഹ്നമിടാത്ത 7 (10)-ാം നമ്പർ ചോദ്യം
ദയവായി കാണുക

GOVERNMENT OF KERALA

Abstract

Economy- Economy in expenditure – Journeys outside the State-Modified – Orders –Issued.

FINANCE (SECRET) DEPARTMEMT

G.O.(P)No.80/99/Fin. Dated, Thiruvananthapuram, 6-1-99.

Read : - G.O.(P)No.1379/98/Fin. dated 18/04/98.

ORDER

Orders have been issued in the G.O. cited that "a total ban on journeys outside the State to attend Seminars/Conference/Training etc., with the exception of obligatory courses, will be imposed for the current financial year".

Now Government have reconsidered the matter and decided that the concerned Administrative Department of the Secretariat in unavoidable cases may sanction journeys of Officers outside the State to attend **Official discussions**, without formal consultation with the Finance Department. If more than one person is to be deputed, orders of the concerned Minister should be taken, circulating the file through Chief Secretary.

The orders issued as per condition (f) of the G.O. cited stand modified to this extent.

By Order of the Government,
VINOD RAI
Principal Secretary (Finance)

To

The Principal Accountant General (Audit), Kerala, Thiruvananthapuram.

2/89/05/S.M.T. -39

LIBRARY ARCHIVES Kerala Legislative Assembly

The Accountant General (A&E), Kerala, Thiruvananthapuram.

All Heads of Department and Officers.

All Departments (Sections of Secretariat.)

The Secretary, Kerala Public Service Commission, Thiruvananthapuram. (With C.L.)

The Registrar, University of Kerala/Cochin/Calicut/ Mahatma Gandhi (With C.L.).

The Secretary to Governor.

All Secretaries/Additional Secretaries/Joint secretaries/ Deputy Secretaries and Under Secretaries to Government.

The Private Secretaries to the Chief Minister and other Ministers and the Leader of Opposition.

The Registrar of High Court, Ernakulam (With C.L.).

The Private Secretary to the Government Chief Whip.

The Additional Secretary to Chief Secretary.

The General Manager, Kerala State Road Transport Corporation (With C.L)

The Secretary, Kerala State Electricity Board, Thiruvananthapuram. (With C.L.)

All Treasury Officers/ The Managing Director/General Manager of all Government Companies/Boards/ Corporations.

The Director of Public Relations, Thiruvananthapuram.

General Administration (SC) Department vide item No.2576 dated 23-12-98.

The private Secretary to the Speaker.

The Private Secretary to the Deputy Speaker.

Forwarded By Order,
Section Officer.

അനുബന്ധം-X(a)

18.12.2000-ലെ നക്ഷത്രചിഹ്നമിടാത്ത 8 (11)-ാം നമ്പർ ചോദ്യം ദയവായി കാണുക

GOVERNMENT OF KERALA

Abstract

Personnel & Administrative Reforms Department-Establishment- Training Programme on 'Administrative Vigilance-I' for Middle Level Officers – Deputation of Section Officers – Sanctioned Orders issued.

LIBRARY ARCHIVES Kerala Legislative Assembly